**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 952** **24-02-2022 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ ഡാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതാധികാര സമിതി നിശ്ചയിച്ച റൂൾ കർവിന് അനുസൃതമായി മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് നിലനിർത്തുന്നതിനായി കഴിഞ്ഞ വർഷം ഡാമിൽ നിന്നും ജലം തുറന്നു വിട്ടിരുന്നോ; | (എ) | ബഹു. സുപ്രീംകോടതിയുടെ 2021ലെ ഉത്തരവ് പ്രകാരം മേൽനോട്ട സമിതി ചെയർമാന്റെ നിർദ്ദേശമനുസരിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ്വിനു അനുസൃതമായി ക്രമീകരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളുടെ ഭാഗമായി ഡാമിൽ നിന്നും സ്പിൽവേ ഷട്ടർ വഴി ജലം തുറന്നു വിട്ടിരുന്നു. |
| (ബി) | ഡാം തുറക്കുന്നതിന് പന്ത്രണ്ട് മണിക്കൂർ മുമ്പ് മുന്നറിയിപ്പ് നൽകുന്നതിനും രാത്രിയിൽ ഡാം തുറക്കില്ല എന്ന കാര്യത്തിലും ഇരുസംസ്ഥാനങ്ങളുമായി ധാരണ ഉണ്ടാക്കിയിരുന്നോ; | (ബി) | ഇല്ല |
| (സി) | പ്രസ്തുത ധാരണ ലംഘിച്ച് രാത്രികാലങ്ങളിൽ ജലം ഒഴുക്കി വിട്ടതിനെത്തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താനും ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | ഡാം മേഖലയിൽ താമസിക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | സ്പിൽവേ ഷട്ടറുകൾ തുറക്കുന്നതുൾപ്പെടെയുള്ള അവസരങ്ങളിൽ ഡാമിന്റെ പരിസരത്ത് താമസിക്കുന്ന ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി, അവർക്ക് ജാഗ്രതാനിർദ്ദേശങ്ങളും അറിയിപ്പും നൽകുന്നതിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ റവന്യൂ, പോലീസ്, അഗ്നിശമനസേന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ, അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖാന്തിരം ഉച്ചഭാഷിണികളിലൂടെ ഷട്ടർ തുറക്കുന്നതുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട മുൻകരുതൽ നിർദ്ദേശങ്ങൾ നൽകുകയും, മുൻകരുതൽ നടപടി എന്ന നിലയ്ക്ക് മാറ്റിതാമസിപ്പിക്കേണ്ടവരെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ